# ശബ്ദാവലി

മലയാള അക്ഷരമാല ക്രമത്തിലാണ് ഈ ശബ്ദാവലി തയ്യാറാക്കിയിരിക്കുന്നത്. നക്ഷത്രചിഹ്നം (*) അടയാളപ്പെടുത്തിയിട്ടുള്ള വാക്കുകൾ ഈ പുസ്തകത്തിൽ ഉപയോഗിച്ചിട്ടുള്ളവയല്ല. എന്നാൽ ഡോക്ടർമാരുടെ ഉപയോഗത്തിലോ മരുന്നു കവറുകളിലോ ഇവ കണ്ടു വരുന്നു. രോഗങ്ങളുടെ പേരുകൾ പൊതുവെ ഈ ശബ്ദാവലിയിൽ ഉപയോഗിച്ചിട്ടില്ല. പദസൂചിക നോക്കിയാൽ ഈ പുസ്തകത്തിൽ പരാമർശിച്ചിട്ടുള്ള രോഗങ്ങളുടെ പേരുകൾ അറിയാവുന്നതാണ്.

### അ

**അസാധാരണം:** സാധാരണ സംഭവിക്കുന്നതിൽ നിന്ന് വ്യത്യസ്ഥമായത്, സ്വാഭാവികമല്ലാത്തത്.

**അലർജി, അലർജിക്ക് റിയാക്ഷൻ:** ചില വസ്തുക്കളുമായുള്ള സമ്പർക്കം ചിലരിലുണ്ടാക്കുന്ന ചൊറിച്ചിൽ, തുമ്മൽ, ശ്വാസം മുട്ടൽ മുതലായ അസ്വസ്ഥതകൾ.

**അമീബ:** വെള്ളത്തിലോ, കുടലിലോ ജീവിക്കുന്ന ഒരു ജീവി. വളരെ ചെറുതായതുകൊണ്ട്, ഭൂതക്കണ്ണാടി ഉപോഗിച്ച് മാത്രമേ കാണാൻ കഴിയൂ. ഇതു വയറിളക്കമുണ്ടാക്കും.

**അംഗവിഛേദനം:** രോഗം, അപകടം എന്നീ കാരണങ്ങളാൽ ശരീരാവയവം മുറിച്ചുമാറ്റുക.

**അനീമിയ:** ചുവന്ന രക്താണുക്കളുടെ കുറവുമൂലം രക്തത്തിന്റെ ഗുണം കുറഞ്ഞ അവസ്ഥ. വിളർച്ച, ക്ഷീണം, ഊർജ്ജസ്വലതയില്ലായ്മ എന്നിവ ലക്ഷണങ്ങൾ.

**അന്റാസിഡ്:** വയറിലെ അമ്ലത്വം, വായുക്ഷോഭം എന്നിവ ശമിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന മരുന്ന്.

**അണുനാശിനി:** സോപ്പ്, വൃത്തിയാക്കുന്നതിനുള്ള പദാർത്ഥങ്ങൾ എന്നിങ്ങനെ ബാക്ടീരിയായുടെ വളർച്ചയെ തടയുന്നത്.

**അയോർട്ട:** ഹൃദയത്തിൽ നിന്നു ശരീരത്തിലേക്ക് ശുദ്ധരക്തം വഹിക്കുന്ന പ്രധാന കുഴൽ.

**അപോപ്ലെക്സി:** ശരീരഭാഗം തളർന്ന് മരവിപ്പ് അനുഭവപ്പെടുന്ന അവസ്ഥ. തലച്ചോറിലേയ്ക്കുള്ള അമിത രക്തപ്രവാഹമാണ് ഇതിന് കാരണം.

**അമിതോത്കണ്ഠ:** തനിക്കില്ലാത്ത രോഗത്തെക്കുറിച്ച് തോന്നുന്ന അമിതമായ ആകാംക്ഷ.

**അവാകപ്പിള്ള:** ഗർഭകാലത്തിന്റെ മുഴുവൻ കാലയളവായ 280 ദിവസം തികയാതെ ജനിക്കുന്ന കുഞ്ഞ്.

**അനുയോജ്യം:** ഒരു പ്രത്യേക അവസ്ഥയിലോ സാഹചര്യത്തിലോ എളുപ്പത്തിലും സുരക്ഷിതമായും പ്രയോജനപ്പെടുന്നത്.

**അസ്ക്കാരിസ്:** മനുഷ്യന്റെ ചെറു കുടലിൽ കണ്ടു വരാറുള്ള വിര.

**അന്നജം:** ശരീരത്തിന് ഊർജ്ജം നൽകുന്ന ധാന്യങ്ങൾ പഞ്ചസാര മുതലായവ.

**അതിമയക്കം:** ഉണർത്താൻ പറ്റാത്ത അബോധാവസ്ഥ.

**അത്യാഹിതം:** അതിവേഗം വൈദ്യസഹായം ആവശ്യമായി വരുന്ന രോഗമോ മുറിവോ.

**അതിക്ഷീണം:** ഊർജ്ജം മുഴുവൻ തീർന്ന അവസ്ഥ.

**അപ്സ്മാരം:** രോഗം മൂർഛിക്കുമ്പോൾ വിറയലും വിക്ഷോഭവും ഉണ്ടാകുന്ന അവസ്ഥ.

**അണുക്കൾ:** കണ്ണ് കൊണ്ട് കാണാൻ പറ്റാത്ത ജീവികൾ. ഇവ പകർച്ച വ്യാധികളുണ്ടാക്കുന്നു.

**അബോധാവസ്ഥ:** ഉറക്കം പോലെ തോന്നുമെങ്കിലും ഉണർത്താൻ പറ്റാത്ത അവസ്ഥ – അപകടം, രോഗം എന്നീ സന്ദർഭങ്ങളിൽ ഇതു സംഭവിക്കുന്നു.

**അസാംക്രമികം:** പകരാത്തത്.

**അവയവം:** പ്രത്യേക ധർമ്മം നിർവ്വഹിക്കുന്ന ശരീരഭാഗം.



**അണ്ഡാശയം:** ഗർഭപാത്രത്തിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന സഞ്ചി. ഇതിൽ അണ്ഡങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നു.

**അണ്ണാക്ക്:** വായ്ക്കുള്ളിൽ ആർച്ച് പോലെ വളഞ്ഞ മേൽവശം.

**അംഗഘാതം:** ശരീരത്തിലെ ഏതെങ്കിലും ഭാഗം അനക്കാൻ കഴിയാത്തതാവുക.

**അനിഛാനുസാരി:** അടിയന്തിര സന്ദർഭങ്ങളിൽ ആലോചനയില്ലാതെ പെട്ടെന്നുള്ള പ്രതികരണം.

**അപായം:** അപകടം, നഷ്ടം, മുറിവ്

**അണുവിമുക്തം:** ജീവനുള്ള സൂക്ഷ്മജീവികളില്ലാത്ത – തിളപ്പിക്കുക, ആവിയിൽ വയ്ക്കുക എന്നിവയിലൂടെയും രാസപദാർത്ഥങ്ങളുപയോഗിച്ചും ഇതു ചെയ്യാം.

**അണ്ടർ ഫൈവ്സ് പ്രോഗ്രാം:** അഞ്ചു വയസിനു താഴെയുള്ള കുഞ്ഞുങ്ങളുടെ വളർച്ചാക്രമം മനസ്സിലാക്കുന്നതിനുള്ള പരിപാടി. കുഞ്ഞുങ്ങളുടെ ആരോഗ്യസ്ഥിതി മനസ്സിലാക്കുന്നതിന് അമ്മമാരെ സഹായിക്കും. പതിവായി ആരോഗ്യ കേന്ദ്രങ്ങൾ സന്ദർശിക്കണം.

**ആരോഗ്യവീഥി ചാർട്ട്:** കുഞ്ഞിന്റെ വളർച്ചയെ കാണിക്കുന്ന മാസം തോറുമുള്ള ഭാരം രേഖപ്പെടുത്താനുള്ള റിക്കാർഡ്.

**ആഹാരക്രമം:** കഴിക്കേണ്ട ആഹാരങ്ങളും അവയുടെ അളവുകളും, ഒഴിവാക്കപ്പെടേണ്ട ആഹാരങ്ങളും.

**ആർത്തവവിരാമം:** ആർത്തവം നിന്നുപോകൽ.

**ആന്റിസ്ഫാസ്മോഡിക്ക്:** കുടലിലെ വലിച്ചിൽ, കോച്ച്, കൊളുത്ത് മുതലായവ ശമിപ്പിക്കാനുള്ള മരുന്ന്.

**ആന്റിടോക്സിൻ:** വിഷത്തിനെതിരെ പ്രവർത്തിക്കുന്നതോ, വിഷത്തിനെ നിർവീര്യമാക്കുന്നതോ ആയ പദാർത്ഥങ്ങൾ. ഇത് കുതിരയുടെ രക്തത്തിൽ നിന്ന് വേർതിരിച്ചെടുക്കുന്ന അംശത്തിൽ നിന്നുമാണ് ഉല്പാദിപ്പിക്കുന്നത്.

**ആന്റിബയോട്ടിക്ക്:** ബാക്ടീരിയ മുഖാന്തിരമുണ്ടാകുന്ന രോഗപ്പകർച്ചയെ നേരിടുന്ന മരുന്ന്.

**ആന്റിഎമിറ്റിക്ക്:** ഓക്കാനവും ഛർദ്ദിയും ചെറുക്കുന്നതിനുള്ള മരുന്ന്.

**ആന്റിഹിസ്റ്റമൈൻ:** വയ്ക്കോൽപ്പനി, അലർജി, ചൊറിച്ചിൽ മുതലായവ ചികിത്സിക്കുന്നതിനുള്ള മരുന്ന്. ഇത് ഛർദ്ദിയെ ശമിപ്പിക്കുകയും ഉറക്കമുണ്ടാക്കുകയും ചെയ്യുന്നു.

**ആഗ്നേയം:** ഇൻസുലിൻ ഉല്പാദിപ്പിക്കുന്ന ഗ്രന്ഥി.

### ഇ

**ഇൻസുലിൻ:** ആഗ്നേയഗ്രന്ഥി ഉല്പാദിപ്പിക്കുന്ന സ്രവം. ഇത് ശരീരത്തിലെ പഞ്ചസാരയുടെ അളവിനെ നിയന്ത്രിക്കുന്നു.

**ഇൻട്രാമസ്ക്കുലാർ ഇൻജെക്ഷൻ:** മാംസപേശികളിലേക്ക് സാധാരണയായി കൈ, പൃഷ്ഠം എന്നിവിടങ്ങളിൽ നൽകുന്ന കുത്തിവെയ്പ്പ്.

### ഉ

**ഉദരം:** വയറ്, അടിവയറ്

**ഉണ്ടുക പുച്ഛം:** വൻകുടലിന്റെ ഒരു വശത്തുള്ള ഒരു ചെറിയ അറ

**ഉത്തേജനം:** നേരത്തെ കൊടുത്തിട്ടുള്ള വാക്സിൻ മാത്രകളുടെ ഫലം നിലനിർത്തുന്നതിന് ആവർത്തിച്ചു നൽകുന്ന മാത്ര.

**ഉദരശൂലം:** കഠിനമായ വയറുവേദന

**ഉന്മാദം:** പനിവളരെ ഉയർന്ന അവസ്ഥയിൽ പിച്ചും പേയും പറയുക.

**ഉല്പാദനം:** പുരുഷബീജവും സ്ത്രീയുടെ അണ്ഡവും തമ്മിലുള്ള സംയോജനം.

**ഉച്ചിപ്പതപ്പ്:** കുഞ്ഞുങ്ങളുടെ തലയിൽ കാണുന്ന മൃദുലമായ ഭാഗം.

**ഉറക്കമില്ലായ്മ:** ഉറങ്ങാൻ കഴിയാത്ത അവസ്ഥ.

**ഉളുക്ക്:** തന്തുകങ്ങൾ വലിയുകയോ പിരിയുകയോ ചെയ്യുന്നതുകൊണ്ട് വേദനയുണ്ടാകുന്ന അവസ്ഥ.

**ഉഷ്ണമേഖലാസംബന്ധമായ:** ലോകത്തിലെ ഉഷ്ണം കൂടിയ പ്രദേശങ്ങളെ സംബന്ധിക്കുന്നത്.

**ഉദരസ്തരം:** കുടലിനെ പൊതിഞ്ഞു സൂക്ഷിക്കുന്ന നേരിയ തൊലി.

എ

**എനിമ:** മല വിസർജനം നടക്കുന്നതിന് മലദ്വാരത്തിലേക്ക് കടത്തി വിടുന്ന ലായിനി.

**ഏകകര പ്രത്യക്ഷത:** പ്രസവസമയത്ത് ഒരു കൈ പുറത്ത് വരിക. ഒരു ഡോക്ടറുടെ സേവനം വേണ്ടി വരുന്ന ഒരു അപകട സാഹചര്യം.

ഒ

**ഒടിവ്:** അപകടത്തിലോ മറ്റോപെട്ട് എല്ല് മുറിക്കുക

**ഔഷധസസ്യം:** ഔഷധഗുണമുള്ള സസ്യം. ഔഷധത്തിന് ഉപയോഗിക്കുന്ന സസ്യം.

**ഓയിന്റ്മെന്റ്:** തൊലിപ്പുറത്തുപയോഗിക്കുന്ന കുഴമ്പ്.

**ഒഫ്ത്താൽമിക്ക്:** കണ്ണുസംബന്ധമായ

**ഓക്സിട്ടോസിക്സ്:** പ്രസവം കഴിയുമ്പോൾ സ്ത്രീയ്ക്കുണ്ടാകുന്ന കഠിനമായ രക്തസ്രാവം നിയന്ത്രണവിധേയമാക്കുന്നതിന് ഉപയോഗിക്കുന്ന മരുന്ന്. ഇത് അപകടകാരിയാണ്.

ക

**കൗമാരപ്രായക്കാർ:** കുട്ടിയായിരിക്കുന്ന അവസ്ഥയിൽ പ്രായപൂർത്തിയാകാൻ വേണ്ടിവരുന്ന കാലഘട്ടത്തിലുള്ളവർ. അതായത് 13 നും 19നും ഇടയിലുള്ള പ്രായക്കാർ.

**കുടി:** ലഹരി പാനീയങ്ങൾ നിയന്ത്രണമില്ലാതെയും അമിതമായും ഉപയോഗിക്കുക.

**കറുന്തല:** മുഖം, നെഞ്ച്, മുതുക് എന്നിവിടങ്ങളിലുണ്ടാകുന്ന കുരുക്കളുടെ ഏറ്റവും പുറത്തായി കാണുന്ന കറുത്തഭാഗം. അഴുക്ക് അടിയുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

**ക്യാൻസർ:** തുടരെ വളർന്നു കൊണ്ടിരിക്കുന്ന മുഴ. ഇത് മരണകാരണമായേക്കാം.

**കതീറ്റർ:** മൂത്രം പുറത്തുപോകുന്നതിന് നിക്ഷേപിക്കുന്ന ചെറിയ കുഴൽ.

**കുഴി:** പല്ലിലുണ്ടാകുന്ന കുഴികൾ. ഇതിൽ അണുക്കൾ കടന്നിരുന്ന് പല്ലിന്റെ ഭാഗത്തെ നശിപ്പിക്കുന്നു.

**കമ്പോസ്റ്റ്:** സസ്യങ്ങളുടെയും ജന്തുക്കളുടെയും ഭാഗങ്ങൾ ഒരു മീറ്ററിലധികം ആമില്ലാത്ത കുഴികളിൽ നിക്ഷേപിച്ചു പ്രത്യേക ശ്രദ്ധയോടെ അഴുക്കിയെടുക്കുന്ന വളം.

**കൺജക്ടീവ:** കണ്ണിന്റെ വെളുത്ത ഭാഗത്തെയും കൺപോളകളുടെ അകവശത്തെയും പൊതിയുന്ന നേർത്ത പാട

**കാഴ്ചപടലം:** കണ്ണിലെ കൃഷ്ണമണിയെ പൊതിയുന്ന കണ്ണാടി പോലെയുള്ള പടലം.

**കോഷ്ഠി:** ദ്രവം നിറഞ്ഞ പരു.

**കഷായം:** വസ്തുക്കൾ ദ്രാവകത്തിൽ തിളപ്പിച്ച് സത്ത് എടുത്തത്.

**കണ്ണേറ്:** ചിലരുടെ നോട്ടം ദോഷമുണ്ടാക്കുമെന്ന് വിശ്വാസം.

**കാലഹരണദിനം:** ഒരു മരുന്നിന്റെ ഗുണം അവസാനിക്കുന്ന ദിവസം.

**കുടുംബാസൂത്രണം:** പ്രസവം എപ്പോൾ വേണമെന്ന് തീരുമാനിക്കുകയും കുടുംബജീവിതം ക്രമപ്പെടുത്തുകയും ചെയ്യുക.



**കുടൽ:** ആമാശയം മുതൽ മലദ്വാരം വരെയുള്ള കുഴൽ. ദഹനം നടക്കുകയും മാലിന്യങ്ങൾ മലാശയത്തിൽ എത്തിക്കുകയും ചെയ്യുന്നു.

**കിതപ്പ്:** പേടിച്ചയാളിന് ഉണ്ടാകുന്ന ആഴവും ദീർഘവുമായ ശ്വാസോച്ഛ്വാസം

**കീടനാശിനി:** കൊതുക് മുതലായവയെ കൊല്ലുന്ന മരുന്ന് ഉദാ. ഡി.ഡി.റ്റി.

**കുടൽപരാതങ്ങൾ:** കുടലിലുള്ള വിരകളും മറ്റു ജീവികളും

**കുടൽമറിച്ചിൽ:** കുടലിന്റെ ഒരു ഭാഗം സ്ഥാനം തെറ്റി അടുത്തതിന്റെ സ്ഥാനത്ത് അകപ്പെടുക. അപകടകരമായ വിധത്തിൽ ഇത് കുടലിൽ തടസ്സം സൃഷ്ടിക്കുന്നു.

**കൃഷ്ണമണി:** കണ്ണിലെ കറുത്ത ഭാഗം

**കരൾ:** പിത്തരസം കാണുക

**കൃഷിപര്യയം:** ഒരേ ഭൂമിയിൽ തന്നെ ഓരോ തവണയും വേറെ വേറെ കൃഷിയിറക്കുക. തന്മൂലം മണ്ണിൻെറ ഫലഭൂയിഷ്ഠി വർദ്ധിക്കും.

**കോച്ച്:** നിയന്ത്രിക്കാൻ കഴിയാത്തരീതിയിൽ മാംസപേശിയിലുണ്ടാകുന്ന ചുരുങ്ങൽ. കുടലിലുണ്ടാകുന്ന കോച്ച് വയറ്റിലും, ശ്വാസകോശത്തിലേത് അവിടെയും കടുത്ത വേദനയുണ്ടാക്കുന്നു.

**കൺകുരു:** കൺപോളയുടെ അറ്റത്തായി ഉണ്ടാകുന്ന തടിപ്പ്.

**കെരറ്റോമലേഷ്യ:** കണ്ണ് മൃദുലമായിത്തീർന്ന് അന്ധതയിലേക്കു നയിക്കുന്ന രോഗം. വിറ്റാമിൻ 'എ'യുടെ കുറവു കൊണ്ട് സംഭവിക്കുന്നു.

**കിഡ്നി:** നട്ടെല്ലിന്റെ ഇരുവശത്തായി പയർവിത്തിന്റെ ആകൃതിയിൽ സ്ഥിതി ചെയ്യുന്ന അവയവം. ഇത് രക്തത്തിൽ നിന്ന് മാലിന്യങ്ങളെ വേർതിരിക്കുന്നു.

**കിഡ്നി സ്റ്റോൺ:** മൂത്രകല്ല് നോക്കുക.

**കുഴൽ:** ശരീരത്തിൽ രക്തം വഹിച്ചു കൊണ്ടു പോകുന്ന രക്തക്കുഴൽ.

ഗ

**ഗ്രന്ഥിവീക്കം:** ഊരുസന്ധിയിലോ, കക്ഷത്തിലോ ഉണ്ടാകുന്ന വീക്കം.

**ഗർഭാശയഗളം:** ഗർഭം ഉണ്ടാകാതിരിക്കാൻ ഉപയോഗിക്കുന്ന ഉപാധികൾ

**ഗാൽബ്ലാഡർ:** പിത്തരസം നോക്കുക.

**ഗോസ്:** ബാൻഡേജിന് ഉപയോഗിക്കുന്ന നേർത്ത തുണി.

**ഗോയിറ്റർ:** അയേഡിന്റെ കുറവ് കൊണ്ട് തൊണ്ടയിലുണ്ടാകുന്ന മുഴ

**ഗ്രെയിൻ:** ഒരു ഗോതമ്പുമണിയുടെ തൂക്കം. 65 മി. ഗ്രാം.

**ഗർഭമറ:** ഗർഭകാലത്ത് അടിവയറ്, മുലകൾ, മുഖം എന്നിവിടങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഒലിവുനിറം. ഇത് സാധാരണമാണ്.

**ഗുഹ്യം:** കാലുകൾ ശരീരത്തിൽ ചേരുന്ന ഭാഗം, ജനനേന്ദ്രിയസ്ഥാനം.

**ഗുഹ്യരോഗങ്ങൾ:** ലൈംഗിക ബന്ധത്തിലൂടെ പകരുന്ന രോഗങ്ങൾ

ച

**ചിഗർ:** തൊലിപ്പേൻ. രക്തം കുടിക്കുകയും ചൊറിച്ചിലുണ്ടാക്കുകയും ചെയ്യുന്നു.

**ചംക്രമണം:** രക്ത ഓട്ടം

**ചെള്ള്:** തല തൊലിക്കുള്ളിൽ കടത്തി ചോര കുടിക്കുന്ന ജീവി.

ജ

**ജരായൂദ്രവം:** ഗർഭപാത്രത്തിനകത്ത് കുഞ്ഞിനെ വഹിക്കുന്ന ദ്രാവകം നിറഞ്ഞിരിക്കുന്ന സഞ്ചി. ഇതു പൊട്ടി വെള്ളം പോലെ പുറത്തു വരുന്നത് പ്രസവം നടക്കാൻ പോകുന്നതിന്റെ സൂചനയാണ്.

**ജനനവൈകല്യം:** ജനിക്കുമ്പോൾ തന്നെ ഉണ്ടായിരിക്കുന്ന വൈകല്യം.

**ജീർണ്ണനം:** ജീവനുള്ള ശരീരത്തിലെ ചില ഭാഗങ്ങൾ ജീവനില്ലാത്തതായിത്തീരുന്നു.

ട

**ടേബിൾസ്പൂൺ:** മൂന്ന് ടീസ്പൂൺ അളവ് അല്ലെങ്കിൽ 15 മി.ലി

**ടീസ്പൂൺ:** ചായകരണ്ടി. 5 മി.ലി

**ടോപ്പിക്കൽ:** തൊലിപ്പുറത്ത് ഉപയോഗിക്കാനുള്ളത്.

**ടോക്സിക്ക്:** വിഷകരം

**ടൂമർ:** ടിഷ്യൂകൾ ചേർന്നുണ്ടാകുന്ന അസാധാരണമായ പിണ്ഡം.

ഡ

**ഡയപ്പർ റാഷ്:** ഡയപ്പർ ഉപയോഗിക്കുമ്പോൾ മൂത്രം തടഞ്ഞുനിന്ന് കുട്ടികളുടെ തുടയിടുക്കുകളിലുണ്ടാകുന്ന കുരുക്കൾ.

**ഡ്യൂഷെ:** യോനീദ്വാരത്തിൽ വെള്ളം പായിച്ച് വൃത്തിയാക്കുക.

ത

**തീവ്രം:** പെട്ടെന്ന് ഉണ്ടാകുന്നതും എന്നാൽ നീണ്ടുപോകുന്നതും. തീവ്രരോഗം എന്നു പറയുന്നത് പെട്ടെന്ന് ഉണ്ടായി വേഗത്തിൽ ഇല്ലാതെയാകുന്നു. ദീർഘസ്ഥായിയായ, വിട്ടുമാറാത്ത എന്നിവ വിപരീത പദങ്ങളാണ്.

**തീവ്രോദരം:** വയറിനകത്തെ ഒരു ഗുരുതരാവസ്ഥ. ഇതിന് ചിലപ്പോൾ ശസ്ത്രക്രിയ വേണ്ടി വന്നേക്കാം. വയറിളക്കം ഉണ്ടാകാതെതന്നെ വയറിൽ കഠിനമായ വേദനയുണ്ടാകുകയും ഒപ്പം ഛർദ്ദിലുമുണ്ടാകുന്ന അവസ്ഥ.

**തിമിരം:** കൃഷ്ണമണിയിലെ ലെൻസ് തകരാറുകൊണ്ടു കാഴ്ച മങ്ങുക.

**തുടർസ്വഭാവമുള്ള:** പെട്ടെന്ന് ഭേദമാകാത്തതോ ഇടയ്ക്കിടെയുണ്ടാകുന്നതോ ആയ രോഗം.

**താരൻ:** വെള്ളനിറത്തിലോ ചാരനിറത്തിലോ തലമുടിയോടു ചേർന്നു കാണുന്ന പൊടിപോലെയുള്ള വസ്തു.

**ത്വക്ക്:** തൊലി

**തുന്നൽ:** പ്രസവത്തിലുണ്ടാകുന്ന കീറലുകൾ തുന്നിക്കെട്ടുക. ഇതിലിടുന്ന നൂൽ ശരീരത്തിൽ ലയിച്ചു ചേരും.

**തുന്നൽവിടൽ:** തുന്നൽ വിട്ടു പോകുന്നതുകൊണ്ട് മാംസപേശികൾ വിടവുണ്ടാകുകയും ആ ഭാഗത്തു മുഴയുണ്ടാകുകയും ചെയ്യുന്നു.

**തികട്ടൽ:** വയറ്റിനകത്തെ പ്രവർത്തനത്തകരാറിന്റെ ഫലം.

**തടസ്സം:** ഒഴുക്ക്, നീക്കം എന്നിവ നിന്നു പോകുക.

**തട്ടിപ്പൊങ്ങപീഡ:** ഉദരഭാഗം സാവധാനത്തിൽ മുഴുവൻ അമർത്തിയശേഷം വിടുമ്പോൾ അനുഭവപ്പെടുന്ന വേദന. ഗുരുതരമായ ഉദരരോഗത്തിന്റെ സൂചന

**തന്തുക്കൾ:** സന്ധികളിലെ അസ്ഥികളെ യോജിപ്പിക്കുന്ന ബലമുള്ള വസ്തു.

*** തെസലീമിയ:** പാരമ്പര്യമായി പകരുന്ന അനീമിയ. രണ്ടു വയസ്സുള്ള കുട്ടിയിൽ ഇത് വലിയ കരളും പ്ലീഹയും ഉണ്ടാക്കുന്നു.

**തെർമോമീറ്റർ:** ശരീരത്തിലെ ചൂട് അളക്കുന്ന ഉപകരണം.



ധ

**ധാതുലവണങ്ങൾ:** ശരീരത്തിനാവശ്യമായ ലോഹങ്ങളോ മറ്റു വസ്തുക്കളോ ഇരുമ്പ് കാത്സ്യം മുതലായവ.

ദ

**ദുർമന്ത്രം:** മറ്റുള്ളവർക്ക് ദോഷം സംഭവിക്കണമെന്ന ദുരുദ്ദേശത്തോടെ ചെയ്യുന്ന ക്രിയ. ക്ഷുദ്രം, ആഭിചാരം. മേൽപ്പറഞ്ഞതിന്റെ ഫലമായും, കണ്ണേറുകൊണ്ടും രോഗമുണ്ടാകുന്നുമെന്ന് ചിലർ വിശ്വസിക്കുന്നു.

**ദീർഘവീക്ഷണം:** ഭാവിയെകൂടി കണക്കിലെടുക്കുക.

ന

**നിർജ്ജലനം:** ശരീരം സ്വീകരിക്കുന്നതിനെക്കാൾ അധികമായി ജലനഷ്ടം ഉണ്ടാകുക. കുഞ്ഞുങ്ങളിൽ ഇത് അപകടമുണ്ടാക്കും.

**നെഞ്ചെരിച്ചിൽ:** നെഞ്ചിന്റെ അടിഭാഗത്തോ ഉദരത്തിന്റെ മേൽഭാഗത്തോ അനുഭവപ്പെടുന്ന എരിച്ചിൽ.

**ന്യൂനപോഷണം:** ശരീരത്തിനാവശ്യമായ പോഷണങ്ങൾ ലഭിക്കാതെയുണ്ടാകുന്ന രോഗാവസ്ഥ.

**നാസികം:** മൂക്കിനെ സംബന്ധിക്കുന്ന

**നേത്രമറ:** കണ്ണിന്റെ വശത്തുനിന്ന് നേത്രപടലത്തിലേക്കു വളരുന്ന മാംസപാളി.

**നാഡിത്തുടിപ്പ്:** ഒരു മിനിറ്റിൽ ഒരു വ്യക്തിയുടെ നാഡി എത്ര തവണ തുടിക്കുന്നു (നാഡിമിഡിപ്പ്)

**നിരക്ക്:** ഒരു നിശ്ചിത അളവുമായി ബന്ധപ്പെട്ട മറ്റൊരു സംഗതി, ഉദാ: ഒരു വർഷത്തിൽ നടന്ന ജനനം = ജനനനിരക്ക്.

**നിര:** ഒരു പ്രത്യേക ധർമ്മം നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട അവയവങ്ങൾ. ഉദാ: കിഡ്നി, മൂത്രസഞ്ചി, മൂത്രക്കുഴൽ എന്നിവ രക്ത ശുദ്ധീകരണ നിരയിൽപ്പെടുന്നു.

പ

**പ്രസ്രാവം:** പുപ്പ്, മൂക്കള പോലെയുള്ള വസ്തുക്കൾ

**പാരമ്പര്യപരമായ:** മാതാപിതാക്കളിൽ നിന്നും ലഭിക്കപ്പെടുന്നതും അല്ലാത്തതുമായ ഗുണങ്ങൾ

**പരിമിതതല ആന്റി ബയോട്ടിക്ക്:** വിവിധതരത്തിലുള്ള കുറച്ച് അണുക്കളെ നേരിടുന്നത്.

**പൊക്കിൾ:** വയറിന്റെ മധ്യത്തിൽ പൊക്കിൾക്കൊടി ബന്ധിച്ചിരുന്ന ഭാഗം.

**പോഷകസമൃദ്ധം:** ശരീരത്തിനാവശ്യമായ പോഷകാംശങ്ങൾ അടങ്ങിയത്.

**പരാതങ്ങൾ:** മറ്റു ജീവികളിൽ ജീവിക്കുകയും അവയ്ക്കു ദോഷം വരുത്തുകയും ചെയ്യുന്ന ജീവികൾ.

**പാരന്റെരൽ:** കഴിക്കാനുള്ളതല്ല. കുത്തവയ്ക്കാനുള്ളത്.

**പാസ്റ്റുറൈസേഷൻ:** പാൽ പോലുള്ള ദ്രവങ്ങളിൽ അണുക്കളെ നശിപ്പിക്കുന്നതിന് $60^0C$ യിൽ 30 മിനിറ്റു ചൂടാക്കിയതിനുശേഷം പെട്ടെന്നു തണുപ്പിക്കുന്ന ഒരു പ്രക്രിയ

**പെർണിഷ്യസ് അനീമിയ:** വിറ്റാമിൻ B12 ന്റെ അഭാവം കൊണ്ടുണ്ടാകുന്ന ഒരു അപൂർവ്വതരത്തിലുള്ള അനീമിയ. പെർണിഷ്യസ് - അപകടകരമായത്.

**പെട്രോളിയം ജെല്ലി:** തൊലിപ്പുറത്തു പുരട്ടാനുള്ള ഓയിന്റ്മെന്റുകളുടെ ഉല്പാദനത്തിന് ഉപയോഗിക്കുന്ന വസ്തു.

**പരു:** അണുബാധകൊണ്ടോ മറ്റു രീതിയിലോ വീക്കമുണ്ടായി പഴുപ്പു നിറഞ്ഞിരിക്കുന്ന അവസ്ഥ.

**പ്രസവാനന്തരം:** ശിശുപിറന്നതിനുശേഷം

**പ്രതിവിഷം:** പാമ്പുകടി കൊണ്ടേറ്റ വിഷത്തിനെതിരെ പ്രയോഗിക്കുന്ന ഔഷധം.

**പിത്തരസം:** കരൾ ഉൽപ്പാദിപ്പിക്കുന്ന പച്ചനിറവും കയ്പ്പുമുള്ള ദ്രാവകം. ഇത് ഗാൽബ്ലാഡറിൽ സംഭരിക്കും. കൊഴുപ്പുകളെ ദഹിപ്പിക്കാൻ ഇത് ആവശ്യമാണ്.

**പിടകം:** മുഖക്കുരുപോലെയുള്ള ചെറു കുരുക്കൾ. ഇത് മുഖം, നെഞ്ച്, മുതുക് മുതലായ ഭാഗങ്ങളിൽ ഉണ്ടാകുന്നു. ഇതിന്റെ ഏറ്റവും ഉയർന്ന ഭാഗം പഴുപ്പു നിറഞ്ഞു വെളുത്തതായോ (white head), അഴുക്കു നിറഞ്ഞു കറുത്തതായോ (black head) കാണപ്പെടുന്നു.

**പനി:** ഉയർന്ന ചൂട്. പല രോഗങ്ങളുടെയും ലക്ഷണമാകാം.

**പൃഷ്ഠം:** അരക്കെട്ടിന്റെ പിൻഭാഗം. ഇരിക്കാൻ ഉപയോഗിക്കുന്ന ശരീരഭാഗം.

**പ്രസവപ്പനി:** പ്രസവത്തിനു ശേഷം മാതാവിനുണ്ടാകുന്ന പനി.

**പിളർപ്പ്:** മേൽച്ചുണ്ടിൽ കാണാവുന്ന വിടവ്.

**പകരുന്ന :** ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് വ്യാപിക്കുക.

**പേശിവലി:** പേശികൾ മുറുകിയിരിക്കുന്നതുകൊണ്ട് അവയവങ്ങൾ ചലിപ്പിക്കുമ്പോൾ വേദനയുണ്ടാകുന്നു.

**പിണ്ഡീകരണനിവാരിണി:** മൂക്കിനകത്തു കട്ടപിടിക്കുന്ന വസ്തുക്കളെ ഇല്ലാതെയാക്കുന്നു.

**പൈൽസ്:** മലദ്വാരത്തിനു ചുറ്റുമുണ്ടാകുന്ന വേദനയുള്ള കുരുക്കൾ

**പിതം:** ആഹാരത്തിൽ അടങ്ങിയിട്ടുണ്ടെന്നു വിശ്വസിക്കപ്പെടുന്ന വിഷാംശം.

**പ്ലാസന്റ പ്രിവ്യ:** ഗർഭപാത്രത്തിന്റെ വളരെ താണ ഭാഗത്ത് പൊക്കിൾക്കൊടി സ്ഥിതിചെയ്യുകയും ഗർഭാശയമുഖത്തെ അടയ്ക്കുകയും ചെയ്യുന്നു.

**പൂമ്പൊടി :** പൂക്കളിൽ പരാഗണം നടക്കുന്നതിനുള്ള വസ്തു. ചിലരിൽ ഇത് അലർജിയുണ്ടാക്കാം.

**പോസ്റ്റ്പാർട്ടം:** പ്രസവശേഷം

**പോസ്റ്റ്പാർട്ടം ഹെമറേജ്:** പ്രസവശേഷം ഉണ്ടാകാവുന്ന അമിതരക്തസ്രാവം.

**പ്രോസ്റ്റേറ്റ് ഗ്രന്ഥികൾ:** പുരുഷന്മാരിൽ മൂത്രക്കുഴലിന്റെ വശങ്ങളിലായി കാണുന്ന സഞ്ചിപോലെയുള്ള ഭാഗം. വാർദ്ധക്യമായവരിൽ ഇത് വീർക്കുന്നതുകൊണ്ട് മൂത്രതടസ്സം നേരിടുന്നു.

**പ്യൂപ്പിൾ:** കൃഷ്ണമണിയുടെ നടുവിലുള്ള ദ്വാരം

**പുനർജലനം:** ശരീരത്തിൽ നിന്നുള്ള ജലനഷ്ടം നികത്താൻ വെള്ളം, ഉപ്പ്, പഞ്ചസാര എന്നിവ ഉപയോഗിച്ചുള്ള ലായനി അല്ലെങ്കിൽ ഉപ്പിട്ട കഞ്ഞിവെള്ളം.

**പൊതുശുചിത്വം:** സമൂഹത്തിന്റെ പങ്കാളിത്തത്തോടെയുള്ള പൊതു സ്ഥല ശുചിത്വം

**പാർശ്വഫലങ്ങൾ:** മരുന്നു കഴിക്കുന്നതിലൂടെയുണ്ടാകുന്ന പ്രശ്നങ്ങൾ.

**പ്ലീഹ:** ഇടത്തെ വാരിയെല്ലുകളുടെ അടിയിൽ സ്ഥിതി ചെയ്യുന്ന അവയവം - ഇത് രക്തം ഉണ്ടാക്കുകയും അരിക്കുകയും ചെയ്യുന്നു.

**പരമ്പരാഗതം:** ആചാരം, അനുഷ്ഠാനം, വിശ്വാസങ്ങൾ എന്നിങ്ങനെ ഒരു തലമുറയിൽ നിന്ന് മറ്റൊന്നിലേക്ക് പകർന്നു കൊണ്ടിരിക്കുന്നത്.

**പ്രേക്ഷണം:** കൈമാറ്റം ചെയ്യുക.

**പൊക്കിൾക്കൊടി ഹെർണിയ:** പൊക്കിളിലുണ്ടാകുന്ന മുഴ. കുടൽ മടക്ക് പൊക്കിളിലൂടെ പുറത്തു വരുന്നതു കൊണ്ടുണ്ടാകുന്നത്.

**പ്രഭാതദീനം:** ഗർഭത്തിന്റെ ആരംഭത്തിൽ രാവിലെയുണ്ടാകുന്ന ഓക്കാനവും ഛർദ്ദിയും.



### ഭ

**ഭ്രംശം:** സ്ഥാനം തെറ്റൽ

**ഭ്രൂണം:** ഗർഭാശയത്തിൽ ഒരു ജീവിയുടെ രൂപം കൊള്ളൽ.

### ബ

**ബാക്ടീരിയ:** മൈക്രോസ്കോപ്പിൽ കൂടെ മാത്രം കാണാൻ കഴിയുന്ന ജീവി. ഇതു രോഗങ്ങൾക്ക് കാരണമാകുന്നു.

**ബോധാവസ്ഥ:** ഉണർന്നിരിക്കുകയും ചുറ്റുപാടും നടക്കുന്നതിനെക്കുറിച്ച് അറിയാൻ കഴിയുന്നതുമായ അവസ്ഥ.

### ഫ

**ഫാരൻഹീറ്റ്:** തണുപ്പും ചൂടും അളക്കാനുള്ള തോത്. ആരോഗ്യമുള്ള ഒരാളിന്റെ ശരീരത്തിലെ ചൂട് 98.60F ആണ്. വെള്ളം 32$^{o}$F-ൽ മഞ്ഞ് കട്ടിയാകുകയും 212$^{o}$F-ൽ ചൂടാകുകയും ചെയ്യുന്നു.

**ഫീറ്റോസ്കോപ്പ്:** ഗർഭസ്ഥശിശുവിൻെറ ശബ്ദങ്ങൾ ശ്രവിക്കാനുള്ള ഉപകരണം.

**ഫോളിക് ആസിഡ്:** ഇലക്കറികളിൽ കാണുന്ന ഒരു പോഷകം.

**ഫാർമസി:** മരുന്നു വില്പന നടത്താൻ കരുതി വയ്ക്കുന്ന സ്റ്റോർ.

### മ

**മലദ്വാരപിളർപ്പ്:** കട്ടിപിടിച്ച മലം വിസർജ്ജിക്കുന്നവരുടെ മലദ്വാരത്തിന്റെ വശങ്ങളിലുണ്ടാകുന്ന കീറലുകൾ. മലവിസർജ്ജനത്തിനു ശേഷം രണ്ടുമൂന്നു മണിക്കൂർ നേരം കഠിനമായ വേദനയും നീറ്റലും അനുഭവപ്പെടുന്നു. കീറലുണ്ടായ ഭാഗത്തു നിന്ന് വെള്ളംപോലെയുള്ള ദ്രാവകം പുറത്തു വരുന്നു. ഇതിൽ അണുബാധയുണ്ടാകാം.

**മലദ്വാരം:** മലം പുറത്തുപോകുന്ന ദ്വാരം.

**മൂത്രാശയക്കല്ല്:** കിഡ്നിയിൽ നിന്ന് ഉൽഭവിച്ച് മൂത്രാശയത്തിലെത്തി മൂത്രതടസ്സമോ വേദനയോ ഉണ്ടാക്കുന്ന പരലുകൾ.

**മലവിസർജ്ജനം:** മലദ്വാരത്തുകൂടെ ഖരമാലിന്യം പുറത്തുപോകുന്നത്.

**മസ്തിഷ്ക-ധമനി വിപത്ത്:** തലച്ചോറിനുള്ളിലെ രക്തസ്രാവം അഥവാ കട്ടപിടിച്ച രക്തം മൂലം രക്ത ഓട്ടം തടസ്സപ്പെടൽ എന്നീ കാരണങ്ങളാൽ ബോധക്ഷയം, ചലനശേഷി എന്നിവ നഷ്ടപ്പെടുക.

**മഞ്ഞപ്പാൽ:** ആദ്യമായി ചുരത്തുന്ന മുലപ്പാൽ. ഇതിൽ ധാരാളം മാംസ്യവും രോഗം തടയാൻ കഴിവുള്ള ഘടകങ്ങളും അടങ്ങിയിരിക്കുന്നു.

**മടക്കുതുണി:** മടക്കിയ തുണി ചൂടുവെള്ളത്തിലോ തണുത്ത വെള്ളത്തിലോ മുക്കി ശരീരഭാഗങ്ങളിൽ ഇടുന്നത്.

**മലബന്ധം:** മലം കട്ടിപിടിക്കുകയോ, നിശ്ചിത സമയങ്ങളിൽ പോകാതിരിക്കുകയോ ചെയ്യുക.

**മലിനമാക്കൽ:** അഴുക്ക്, അണുക്കൾ എന്നിവ കലരുക.

**മുറുകൽ:** അംഗചലനത്തെ തടസ്സപ്പെടുത്തുന്ന രീതിയിൽ പേശി നീളം കുറയുകയോ ഉറച്ചു പോകുകയോ ചെയ്യുക.

**മുങ്ങിത്താഴൽ:** വെള്ളത്തിൽ താണു ശ്വാസം നിന്നുപോകൽ.

**മന്ത്:** ശരീരഭാഗങ്ങളിൽ വീക്കമുണ്ടാക്കുന്ന ഒരു രോഗം. ഇത് ഒരുതരം കൊതുകാണ് പരത്തുന്നത്.

**മഹാമാരി:** ഒരു ജനവിഭാഗത്തെ ഒരുമിച്ചു ബാധിക്കുന്ന രോഗം.

**മലം:** ദഹനശേഷം പുറത്തുപോകുന്ന വസ്തു.

**മലം വായ് - മാർഗ്ഗം:** ഒരാളിന്റെ മലം അയാളുടെയും മറ്റുള്ളവരുടെയും വായിലെത്തുക. ഭക്ഷണം, പാനീയം എന്നിവയിലൂടെയാണ് ഇങ്ങനെ സംഭവിക്കുന്നത്.

**മുയൽച്ചുണ്ട്:** മേൽച്ചുണ്ടിലെ വിടവ്

**മൈഗ്രെയ്ൻ:** തുടിപ്പോടു കൂടിയ തലവേദന. ചിലപ്പോൾ ഛർദിയുണ്ടാകും.

**മില്ലിഗ്രാം:** ഗ്രാമിന്റെ ആയിരത്തിൽ ഒരംശം.

**മില്ലിലിറ്റർ:** ലിറ്ററിന്റെ ആയിരത്തിൽ ഒരംശം.

**മഹോദരം:** കുടലിനെ പൊതിഞ്ഞു സൂക്ഷിക്കുന്ന നേർത്ത തൊലിയിലുണ്ടാകുന്ന രോഗം. വയർ ഒരു ബോർഡുപോലെ കട്ടിയുള്ളതാകുകയും കടുത്ത വേദന അനുഭവപ്പെടുകയും ചെയ്യും.

**മൂക്കള:** ശ്വാസകോശത്തിനകത്ത് ചലം, പഴുപ്പ് എന്നിവയുണ്ടായി പുറത്തുവരുന്ന കൊഴുത്ത ദ്രാവകം.

**മറുപിള്ള:** ഗർഭപാത്രത്തിനുള്ളിൽ സ്പോഞ്ചു പോലെയുള്ള ഭാഗം. ഗർഭത്തിൽ കുഞ്ഞ് അമ്മയുമായി യോജിക്കുന്നത് ഇവിടെയാണ്. പ്രസവശേഷം 15 മുതൽ 30 മിനിറ്റിനുള്ളിൽ മറുപിള്ള പുറത്തുപോകും.

**മുൻകരുതൽ:** അനിഷ്ടമായതു സംഭവിക്കാതിരിക്കാൻ മുൻകൂർ എടുക്കുന്ന നടപടികൾ.

**മാംസ്യം:** ശരീരനിർമ്മാണ ഭക്ഷണം. വളർച്ച, തേയ്മാനം നികത്തുക, ശക്തി നൽകുക.

**മലാശയം:** വൻകുടലിന്റെ അവസാനഭാഗം

**മുരടിക്കുക:** വേണ്ടവിധത്തിലുള്ള വളർച്ചയും പക്വതയും പ്രാപിക്കാതിരിക്കുക. സാധാരണമല്ലാത്ത രീതിയിൽ ചിന്ത, പ്രവൃത്തി, മാനസിക വൈകാരിക പ്രവർത്തനങ്ങൾ.

**മൂക്കടപ്പ്:** മൂക്കിനുള്ളിൽ വീക്കം സംഭവിക്കുന്നതിനാൽ ഉണ്ടാകുന്നത്.

**മൃദുപാനീയം:** കാർബൺ ഡയോക്സൈഡ് കടത്തിവിട്ട് തയ്യാർ ചെയ്യുന്ന പാനീയങ്ങൾ.

**മൂത്രനാളി:** മൂത്രസഞ്ചിയിൽ നിന്നാരംഭിച്ച് മൂത്രം പുറത്തുപോകുന്ന ദ്വാരം വരെയുള്ള കുഴൽ.

**മൂത്രസംബന്ധനിര:** മൂത്രോല്പാദനം, വിസർജനം എന്നിവയുമായി ബന്ധപ്പെട്ട വ്യവസ്ഥ - കിഡ്നി, മൂത്രസഞ്ചി, മൂത്രക്കുഴൽ.

**മഞ്ഞപ്പിത്തം:** കരൾ, ഗാൽബ്ലാഡർ, പാൻക്രിയാസ്, രക്തം എന്നിവയെ ബാധിക്കുന്ന ഒരു രോഗം. കണ്ണിലും തൊലിയിലും കാണുന്ന മഞ്ഞനിറം ഇതിന്റെ ലക്ഷണങ്ങളാണ്

**മാലക്കണ്ണ്:** വിറ്റാമിൻ 'എ' യുടെ കുറവു കൊണ്ട് കണ്ണിലുണ്ടാകുന്ന അസാധാരണമായ വരൾച്ച

### യ

**യോനീനാളം:** യോനീദ്വാരത്തിൽ നിന്നും ഗർഭപാത്രം വരെ നീളുന്ന കുഴൽ.

### ര

**രക്തസമ്മർദ്ദം:** രക്തക്കുഴലുകളിൽ രക്തമേൽപ്പിക്കുന്ന സമ്മർദ്ദം. ആരോഗ്യസ്ഥിതിയും പ്രായവുമനുസരിച്ച് ഇത് ഏറിയും കുറഞ്ഞുമിരിക്കും.

**രക്തസ്രാവം:** അപകടകരമായ രീതിയിലുള്ള രക്തസ്രാവം.

**രോഗചരിത്രം:** ഒരു വ്യക്തിയുടെ രോഗവിവരം ചോദിച്ചറിയുക. രോഗം എങ്ങനെ തുടങ്ങി, അതു ഭേദമാകുകയോ വഷളാകുകയോ ചെയ്യുക, കുടുംബത്തിലുള്ള മറ്റാർക്കെങ്കിലും ഈ രോഗമുണ്ടായിട്ടുണ്ടോ എന്നിങ്ങനെ.



**രോഗപ്രതിരോധം:** നിശ്ചിത രോഗങ്ങൾക്കെതിരെ സംരക്ഷണം നൽകുന്ന മരുന്ന്. ഉദാ:- ഡിഫ്ത്തീരിയ, ക്ഷയം.

**രോഗപ്പകർച്ച:** ഒരാളിൽനിന്നും മറ്റൊരാളിലേക്ക് രോഗം പകരുന്നു

**രോഗനിരോധകം:** രോഗത്തെ തടയുന്നത്

**രോധം:** ഏതിനെങ്കിലും ദോഷമായതിനെ അതിനു തന്നെ ചെറുക്കാനുള്ള ശേഷി. ചില ആന്റിബയോട്ടിക്കുകളുടെ പ്രവർത്തനത്തെ ചെറുത്തുനിൽക്കാൻ ചില ബാക്ടീരിയകൾക്കു കഴിയും.

**രക്തവിഷമേൽക്കൽ:** ശരീരത്തിലെ തന്നെ വിഷാംശം രക്തത്തിൽ കലർന്നുണ്ടാകുന്ന രോഗം. ഉദാ:- ഗർഭകാലത്ത് ഇത്തരം രോഗമുണ്ടാകുന്നു.

**രക്തസമ്മർദ്ദം:** രക്തം രക്തക്കുഴലിൽ ഏല്പിക്കുന്ന മർദ്ദം

### ല

**ലൈംഗികാവയവം:** പ്രത്യുല്പാദനാവയവം

**ലാത്തിറിസം:** കേസരിപ്പരിപ്പ് കൂടുതൽ കഴിക്കുന്നവരിൽ കാണുന്ന അസുഖം.

**ലിഗമെന്റുകൾ:** ജോയിന്റുകളെ ബന്ധിപ്പിച്ചു നിർത്തുന്ന തന്തുക്കൾ.

**ലൂബ്രിക്കന്റ്:** ഉപരിതലം വഴുവഴുപ്പുള്ളതാക്കാൻ ഉപയോഗിക്കുന്ന വസ്തു.

**ലിംഫ് നോഡുകൾ:** ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ തൊലിക്കടിയിലായി ഉണ്ടാകുന്ന ചെറുമുഴകൾ. ഇതിൽ രോഗാണുക്കൾ കയറിക്കൂടി വേദനയുണ്ടാക്കുന്നു.

**ലിയോഫിലൈസ്:** കുത്തിവയ്ക്കുന്ന മരുന്നുകൾ ശീതീകരിക്കാതിരിക്കുന്നതിന് പ്രയോഗിക്കുന്ന ഉല്പാദനരീതി.

**ലൈംഗികപരമായി പകരുന്ന രോഗങ്ങൾ:** ലൈംഗികബന്ധത്തിലൂടെ പകരുന്ന രോഗങ്ങൾ.

**ലക്ഷണങ്ങൾ:** ഏതു രോഗമാണെന്നു നിശ്ചയിക്കുന്നതിനു വേണ്ടി പരിശോധിക്കുന്ന കാര്യങ്ങൾ, അവസ്ഥകൾ, പ്രശ്നങ്ങൾ, എന്തു തോന്നുന്നു എന്നിവ.

### വ

**വിരേചനം:** വയറിളക്കാൻ ഉപയോഗിക്കുന്ന മരുന്ന്.

**വൃഷണസഞ്ചി:** വൃഷണങ്ങളെ ആവരണം ചെയ്തിരിക്കുന്ന സഞ്ചി.

**വിലക്ക്:** ഒഴിവാക്കേണ്ടത്, അരുതാത്തത്, ആചാരങ്ങളുടെ ഭാഗമായി ചെയ്യുന്ന കാര്യങ്ങൾ.

**വ്രണം:** ശരീരത്തിൽ തൊലിപൊട്ടി ചലവും പഴുപ്പും ഒലിക്കുന്ന പുണ്ണ്.

**വെരിക്കോസ് വെയിൻ:** ഞരമ്പുകൾ അസാധാരണമായ രീതിയിൽ വീർത്തു ചുരുണ്ടു മടങ്ങിയിരിക്കുന്ന അവസ്ഥ. സാധാരണയായി കാലുകളിൽ കാണപ്പെടുന്നു.

**വാസക്ടമി:** പുരുഷവന്ധ്യംകരണം. പുരുഷബീജം വഹിക്കുന്ന കുഴലുകളെ മുറിച്ചുകെട്ടുക.

**വൈറസ്:** ബാക്ടീരിയകളെക്കാൾ ചെറിയ ജീവികൾ

**വീക്കം:** അടിയേൽക്കുന്നതോ അലർജിയുണ്ടാക്കുന്നതോ ആയ ശരീരഭാഗത്ത് ഉണ്ടാകുന്നത്.

**വേദനസംഹാരി:** വേദന ശമിപ്പിക്കാനുള്ള മരുന്ന്

**വ്യാപാരനാമം:** ഉല്പന്നത്തിന് കമ്പനി നല്കുന്ന പേര്

**വിരുദ്ധഫലസൂചന:** മരുന്നുകൾ പ്രയോഗിക്കാൻ പാടില്ലാത്ത സാഹചര്യത്തെക്കുറിച്ചുള്ള അറിയിപ്പ്.

**വിക്ഷോഭം:** ഞെട്ടൽകൊണ്ട് മാംസപേശികൾ വലിയുന്ന അവസ്ഥ

**വാമനത്വം:** അയഡിൻ കുറവുകൊണ്ട് വളർച്ച മുരടിക്കൽ

**വിരൂപമായ:** ശരിയായ രൂപമല്ലാത്ത

**വയറിളക്കം:** മലം ഇളകിപ്പോകുക.

**വയറുകടി:** വയറിളക്കത്തോടൊപ്പം ചളിയും രക്തവും കാണുക.

**വിലയിരുത്തൽ:** ഒരു പ്രവർത്തനത്തിന്റെ ഗുണനിലവാരം അളക്കൽ

**വീക്കം:** അണുബാധകൊണ്ട് വേദന, ചൂട് എന്നിവയോടൊപ്പമുണ്ടാകുന്നു.

**വിരേചനസ്വഭാവമുള്ള:** മലബന്ധമുള്ളവരിൽ മലം അയഞ്ഞുപോകാൻ നൽകുന്ന മരുന്ന്.

**വായോടു വായ് ചേർത്ത ശ്വസനക്രിയ:** ശ്വാസം നിന്നുപോയ ഒരാളിന് കൃത്രിമ ശ്വാസോച്ഛ്വാസം നൽകുന്നതിന് പ്രഥമ ശുശ്രൂഷകൻ അപകടത്തിൽപ്പെട്ടയാളുടെ വായിൽ ശ്വാസം ഊതിക്കയറ്റുന്നു.

**വദനദ്വാരാ:** വായ് മുഖാന്തിരം

**വിശ്വാസത്തിന്റെ ശക്തി:** ശക്തമായ ആശയങ്ങളുടെ സ്വാധീനം. ഉദാ:- ചില പ്രത്യേക മരുന്നുകൾ രോഗം ഭേദമാക്കും എന്ന് ഉറച്ച് വിശ്വസിക്കുന്ന വ്യക്തിക്ക് ആ മരുന്നിന് ഗുണമില്ലെങ്കിൽ പോലും രോഗശമനമുണ്ടാകുന്നു.

### ശ

**ശമനി:** അടക്കി നിർത്തുന്നത്

**ശുദ്ധരക്തക്കുഴൽ:** ഹൃദയത്തിൽ നിന്ന് ശുദ്ധരക്തം വഹിച്ചുകൊണ്ടുപോകുന്ന കുഴൽ. ഇതിൽ തുടിപ്പ് അനുഭവപ്പെടുന്നു.

**ശയ്യാവ്രണം:** ഒരേ കിടപ്പിൽ തന്നെ അനങ്ങാതെ കിടക്കുന്ന രോഗികളിൽ കിടക്കയുമായി ബന്ധപ്പെടുന്ന ശരീരഭാഗങ്ങളിൽ ഉണ്ടാകുന്ന വ്രണങ്ങൾ

**ശ്വാസനാളം:** ശ്വസിക്കുമ്പോൾ ശ്വാസകോശത്തേക്ക് വായു വഹിക്കുന്ന കുഴൽ

**ശ്വാസനാളവീക്കം:** ശ്വാസനാളത്തിൽ അണുബാധകൊണ്ടുണ്ടാകുന്ന വീക്കം.

**ശാസ്ത്രനാമം:** ഒരു മരുന്നിന് കമ്പനി നൽകുന്ന പേരല്ലാതെ അതിന്റെ ഘടകങ്ങൾ സൂചിപ്പിക്കുന്നത്.

**ശുചിത്വം:** വൃത്തി

**ശ്ലേഷ്മം:** വഴുവഴുപ്പുള്ളതും കട്ടിയുള്ളതുമായ ഒരു ദ്രവം. ഇത് മൂക്ക്, തൊണ്ട, വയറ് എന്നിവയെ സംരക്ഷിക്കുന്നു.

**ശ്രവണേന്ദ്രിയം:** കേൾവി സംബന്ധിക്കുന്ന ശ്വസനേന്ദ്രിയവ്യവസ്ഥ. ശ്വസനവുമായി ബന്ധ പ്പെട്ട ശ്വാസകോശം, ശ്വാസനാളം, നാസിക.

**ശ്വസനനിരക്ക്:** ഒരു മിനിട്ടിൽ നടക്കുന്ന ശ്വാസോച്ഛ്വാസം.

**ശമനി:** അടക്കി നിർത്തുന്ന.

### സ

**സൈക്കിൾ ആംബുലൻസ്:** ഫ്രെയിമിൽ സ്ട്രെച്ചർ പിടിപ്പിച്ച് സൈക്കിളിൽ ഘടിപ്പിച്ച വാഹനം. സുഖകരമായ യാത്രയും, നടക്കുന്നതി നെക്കാൾ വേഗത്തിൽ ആശുപത്രിയിൽ എത്തിച്ചേ രാൻ കഴിയുകയും ചെയ്യും എന്നതാണ് ഇതിന്റെ പ്രത്യേകതകൾ.

**സ്തനമുഴ:** അണുബാധമൂലം മൂലയിലുണ്ടാകുന്ന ഒരു അസുഖം. കുഞ്ഞിനെ മുലയൂട്ടിത്തുടങ്ങുന്ന സമയത്താണ് ഇത് ഉണ്ടാകുന്നത്. മുലയുടെ ഒരു ഭാഗത്ത് ചൂട് അനുഭവപ്പെടുകയും അവിടം വീങ്ങുകയും ചെയ്യുന്നു.

**സെന്റിഗ്രേഡ്:** തണുപ്പും ചൂടും അളക്കുന്നതിനുള്ള തോത്.

**സമുദായം:** ഒരു ചെറിയ ഭൂപ്രദേശത്തു കഴിയുകയും തമ്മിൽ ഇടപെടുകയും ചെയ്യുന്ന ജനസഞ്ചയം.



**സങ്കീർണ്ണത:** ഒരു രോഗത്തെത്തുടർന്ന് അതിനെക്കാൾ കടുപ്പമേറിയ രോഗമുണ്ടാകുക.

**സമ്പർക്കം:** അടുത്തു ഇടപഴകൽ

**സങ്കോചനം:** പേശികൾ ചുരുങ്ങുക.

**സ്തനവീക്കം:** മുലയൂട്ടലിന്റെ ആരംഭത്തിൽ മുലകളിൽ ഉണ്ടാകാവുന്ന ഒരു രോഗം.

**സ്തരം:** നേർത്ത തൊലി

**സ്വാഭാവികമായ ഗർഭമലസൽ:** ഗർഭസ്ഥ ശിശു മരിച്ചു പുറത്തുവരിക. രക്തസ്രാവമുണ്ടാകാം.

**സ്ഥാനഭ്രംശം:** ശരീരഭാഗം അതിന്റെ സ്ഥാനത്തു നിന്നും മാറുകയോ തൂങ്ങിപ്പോവുകയോ ചെയ്യുക. ഉദാ:- മലാശയം പുറത്തേക്കു ചാടുക. ഗർഭപാത്രം പുറത്തുവരിക.

**സംരക്ഷകാഹാരം:** വിറ്റാമിനുകളും ധാതുലവണങ്ങളും ധാരാളം അടങ്ങിയിട്ടുള്ള ആഹാരം. ശരീരം ആരോഗ്യമുള്ളതായി നിലനിർത്തുന്നതിനും, രോഗങ്ങളെ ചെറുക്കുന്നതിനും സഹായിക്കും.

**സെപ്റ്റിസീമിയ:** രക്തദോഷം. രക്തവിഷബാധയെന്നും പറയപ്പെടുന്നു.

**സൈനസൈറ്റിസ്:** തലയോട്ടിയിൽ നിന്ന് മൂക്കിലേക്ക് തുറക്കപ്പെടുന്ന ദ്വാരങ്ങൾ. ഈ ദ്വാരങ്ങളിൽ വീക്കവും വേദനയും അനുഭവപ്പെടുന്നതിനെ സൈനസൈറ്റിസ് എന്നുപറയുന്നു.

**സ്പാസ്റ്റിക്:** തലച്ചോറിലെ തകരാർ മൂലമുണ്ടാകുന്ന മാംസപേശിത്തകരാർ. ഇതു ബാധിച്ച കുട്ടികളുടെ കാലുകൾ കത്രികപോലെ പിണഞ്ഞുകിടക്കും.

**സ്പൂട്ടം:** ശ്വാസകോശത്തിൽ നിന്ന് ഉണ്ടാകുന്ന കഫം, പഴുപ്പ്.

**സപ്പോസിറ്ററി:** മലദ്വാരത്തിലോ യോനീനാള ത്തിലോ നിക്ഷേപിക്കുന്ന ഗുളിക.

**സസ്പെൻഷൻ:** പൊടി ദ്രാവകത്തിൽ കലക്കിയത്.

**സൂക്രോസ്:** പഞ്ചസാര - കരിമ്പിൽ നിന്നുണ്ടാക്കുന്നത്

### ഹ

**ഹോർമോൺ:** പ്രത്യേക ധർമ്മങ്ങളെ നിയന്ത്രിക്കുന്നതിന് ശരീരത്തിൽ തന്നെ ഉല്പാദിപ്പിക്കപ്പെടുന്ന രാസപദാർത്ഥങ്ങൾ

**ഹർഷമൂർച്ച:** വികാരക്ഷോഭം, ഭയം എന്നിവയുടെ സമ്മിശ്രപ്രവർത്തനം.

### ഷ

**ഷാങ്കർ:** ജനനേന്ദ്രിയത്തിൽ ഉണ്ടാകുന്ന വേദനയില്ലാത്ത വ്രണം. ഇത് സിഫിലിസിന്റെ ലക്ഷണം.

**ഷോക്ക്:** കടുത്ത ക്ഷീണം, വിയർപ്പ്, നാഡീതളർച്ച, നിർജ്ജലനം, രക്തസ്രാവം, മുറിവ്, രോഗമൂർഛ എന്നിവയാലാണുണ്ടാകുന്നത്.

### ക്ഷ

**ക്ഷയിപ്പിക്കൽ:** ക്ഷയരോഗം